## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 459** **26.04.2017 ൽ മറുപടിക്ക്.**

## വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് മാരുടെ റേഷ്യോ പ്രൊമോഷൻ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ്മാരുടെ റേഷ്യോ പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ; അവസാനമായി റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയതെന്നാണ്; | (എ) ഇല്ല. അവസാനമായി ഓഫീസ് അറ്റൻഡന്റ്മാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയത് 2008 ലാണ്. |
| (ബി) റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടില്ലെങ്കിൽ എന്താണ് നടപ്പിലാക്കാത്തതിനു കാരണം; ഇതു മൂലം ഈ തസ്തികയിൽ ജോലി ചെയ്യുന്നവർക്കും വിരമിച്ചവർക്കും ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ ;എങ്കിൽ ആ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഓഫീസ് അറ്റൻഡന്റ്മാരുടെ സീനിയോരിറ്റി സംബന്ധിച്ച് ധാരാളം തർക്കങ്ങൾ ഉള്ളതിനാലാണ് നടപ്പിലാക്കാൻ താമസം നേരിട്ടത്. ഓഫീസ് അറ്റൻഡന്റ്മാർക്ക് സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചതിനാൽ സാമ്പത്തികമായ നഷ്ടം സംഭവിച്ചിട്ടില്ല എന്നാണ് കരുതുന്നത്. |
| (സി) ഈ വകുപ്പിൽ റേഷ്യോ പ്രൊമോഷൻ ബാധകമായ മറ്റേതെല്ലാം തസ്തികകളിലാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുള്ളത്; ഇത് യഥാസമയം അനുവദിച്ചിട്ടുണ്ടോ; | (സി) കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ, കൊമേഴ്സ്യൽ ടാക്സ് ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് യഥാസമയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് മാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി ആയത് നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ? | (ഡി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വാണിജ്യ നികുതി കമ്മീഷണർക്ക് സർക്കാരിൽ നിന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**